# വിശാലകൊച്ചിവികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി–682020Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com**


*"ഭരണഭാഷ – മാതൃഭാഷ"*

നമ്പർ.159/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 30.01.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. കെ.ടി. ചെഷയർ,
കടവിൽവീട്,
മുട്ടത്തിൽ ലെയിൻ,
കടവന്ത്ര, കൊച്ചി – 20.

സർ,

വിഷയം:-ജി.സി.ഡി.എ. -ഭരണവിഭാഗം - വിവരാവകാശ നിയമം -വിവരങ്ങൾ നൽകൽ – സംബന്ധിച്ച്.

സൂചന:-താങ്കളുടെ05.01.2017തീയതിയിൽലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾആവശ്യപ്പെട്ട വിവരങ്ങൾതാഴെകാണും പ്രകാരം നൽകുന്നു.

ചോദ്യം(1) :-വാട്ടർ ട്രീറ്റ്മെന്റ് കൺസൾട്ടൻസിക്കുവേണ്ടി ജെ.എൻ.ഐ. സ്റ്റേഡിയത്തിൽടെണ്ടർ ക്ഷണിച്ചിരുന്നോ?എത്രപേർ പങ്കെടുത്തു? അവരുടെ പേരും, അഡ്രസ്സും, പൊല്യൂഷൻ കൺട്രോളിന്റെസർട്ടിഫിക്കറ്റ്എന്നിവതരംതിരിച്ച്വേണം?

ഉത്തരം :- ഇല്ല.

ചോദ്യം (2) :- ഏത് മാനദണ്ഡത്തിലാണ്ജിസിഡിഎ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത്? ഇതിന് നിയോഗിച്ച ഉദ്യോഗസ്ഥൻമാരുടെ പേരും, ഔദ്യോഗികസ്ഥാനം, വിദ്യാഭ്യാസയോഗ്യതഎന്നിവതരംതിരിച്ച്വേണം?

ഉത്തരം :- കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടില്ല.

ചോദ്യം (3) :- കൺസൾട്ടൻസി ഫീസ് നൽകുന്നത്ഏത് മാനദണ്ഡപ്രകാരമാണ്?

ഉത്തരം :- ബാധകമല്ല.

ചോദ്യം (4) :- മേൽ പറഞ്ഞ വിഷയത്തിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരംവേണോ? വേണമെങ്കിൽഅതിന്റെകോപ്പിവേണം?

ഉത്തരം :- ബാധകമല്ല.

ചോദ്യം (5) :- മേൽപറഞ്ഞ ട്രീറ്റ്മെന്റ് പ്ലാന്റിന് ഇട്ടിരിക്കുന്ന എസ്റ്റിമേറ്റ്തുക എത്ര? എസ്റ്റിമേറ്റ്തയ്യാറാക്കിയഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗികസ്ഥാനം, വിദ്യാഭ്യാസയോഗ്യത, മിനിറ്റ്സിന്റെകോപ്പിഎന്നിവതരംതിരിച്ച്വേണം?

ഉത്തരം :- ബാധകമല്ല.

ചോദ്യം (6) :- ഫയൽ നമ്പർ ഇ.1/5515/2016/ജിസിഡിഎ എന്ന ഫയലിന്റെഎല്ലാകോപ്പികളുംവേണം?

ഉത്തരം :- ഇ.1/5515/2016/ജിസിഡിഎ എന്ന ഫയൽഎഞ്ചിനീയറിംഗ്‌വിഭാഗത്തിലില്ല. ഇ2/5515/2016/ജിസിഡിഎ ഫയൽഉണ്ട്.ആയതിന് 11 നോട്ട്ഷീറ്റും 22 കറന്റ്ഷീറ്റുംഉണ്ട്. (ഫീസ്അടക്കുന്ന മുറയ്ക്ക് പകർപ്പ് നൽകുന്നതാണ്.

ചോദ്യം (7) :- ജെ.എൻ.ഐ. സ്റ്റേഡിയത്തിലെസ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെഎസ്റ്റിമേറ്റ്തുക എത്ര?എസ്റ്റിമേറ്റ്തയ്യാറാക്കിയഉദ്യോഗസ്ഥരുടെ പേരും, ഔദ്യോഗികസ്ഥാനവും, വിദ്യാഭ്യാസയോഗ്യതഎന്നിവവേണം?

ഉത്തരം :- എസ്റ്റിമേറ്റ് പി.എ.സി 1,19,22,275.39 മെ.കിറ്റ്കോ.

ചോദ്യം (8) :- സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കൺസൺട്ടൻസിയെ തെരെഞ്ഞെടുത്തത്ഏതു മാനദണ്ഡ പ്രകാരമാണ് ? എത്ര ഏജൻസികൾ പങ്കെടുത്തു ? അവരുടെ പേരും, അഡ്രസ്സുംഫോൺ നമ്പറും വേണം ?

ഉത്തരം :- ഫിഫ നോഡൽഓഫീസറിന്റെ അദ്ധ്യക്ഷതയിൽ ആർ.ബി.ഡി.സി.കെയിൽ നടന്ന മീറ്റിംഗിൽതീരുമാനിച്ച പ്രകാരംകേരളഗവൺമെന്റ്സ്ഥാപനമായകിറ്റ്കോആണ്കൺസൾട്ടന്റ്.

ചോദ്യം (9) :- മേൽ പറഞ്ഞസ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുവാൻ അനുമതി നൽകിയത്ആരാണ്ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗികസ്ഥാനവും, കോപ്പിയുംവേണം ?

ഉത്തരം :- ഫിഫ അണ്ടർ- 17 നുമായി ബന്ധപ്പെട്ട് ജി.ഒ(എം.എസ്) നം.41/16/എസ്&വൈ.എതീയതി 09.08.16 പ്രകാരംഎല്ലാ പ്രവൃത്തികൾക്കുംകൂടി 36.11 കോടിരൂപയുടെഎ.എസ്ആണ്ലഭിച്ചത്.

ചോദ്യം (10) :- സാങ്കേതിക അനുമതിസ്വീവേജ് പ്ലാന്റിന് നൽകിയത്ആരാണ് പേരും, ഔദ്യോഗികസ്ഥാനം, വിദ്യാഭ്യാസയോഗ്യത, അതിന്റെകോപ്പിയുംവേണം ?

ഉത്തരം :- ശ്രീമതി.ജെബിജോൺ, സൂപ്രണ്ടിംഗ്എഞ്ചിനീയർ, ജിസിഡിഎ.-ബി.ടെക്.(സിവിൽ).ഫയലിൽലഭ്യമാണ്.

ചോദ്യം (11) :- എ.എസ്സുംറ്റി.എസ്സുംഇല്ലാതെജിസിഡിഎയിൽഒരു പുതിയവർക്ക്ടെണ്ടർ ചെയ്യുവാൻ സാധിക്കുമോ?

ഉത്തരം :- എ.എസ്.പ്രതീക്ഷിച്ചുകൊണ്ട് പ്രവൃത്തിയുടെഅടിയന്തിരസ്വഭാവംകണക്കിലെടുത്ത് പ്രവൃത്തിടെണ്ടർചെയ്യാറുണ്ട്.

ചോദ്യം (12) :- എ.എസ്സുംറ്റി.എസ്സുംഇല്ലാതെ ടെൻഡർ നടപടികളും, വർക്കുംആരംഭിച്ചുകഴിഞ്ഞാൽഉദ്യോഗസ്ഥന്മാർക്കെതിരെ പ്രസ്തുതവിഷയത്തിൽഎന്തെല്ലാം നിയമ നടപടികൾസ്വീകരിക്കാം. സ്വീകരിക്കേണ്ട ജിസിഡിഎയിലെഉദ്യോഗസ്ഥർആരാണ് ?

ഉത്തരം :- ബാധകമല്ല.

ചോദ്യം (13) :- മേൽ പറഞ്ഞ ടെണ്ടർ നടപടികളിൽഏറ്റവുംകുറഞ്ഞ നിരക്കിൽറെയിറ്റ്രേഖപ്പെടുത്തിയത്ആരാണ്അവരുടെ പേര്, ലൈസൻസ് നമ്പർ, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, അഡ്രസ്സ്എന്നിവവേണം ?

ഉത്തരം :- കുറഞ്ഞ നിരക്ക്രേഖപ്പെടുത്തിയത്M/s Confident Engineering India (P) Ltd SE No.678/1, Kurichi village, Madukkari road, SIDCO (P.O) Coimbatore – 641021 Phone No.0422-2930405/0422-2930410കോട്ട്ചെയ്തതുക 98,43,217/- Experience certificate issued by KausainSpiining mills, Ludhiana for the work of costing Rs.74,00,000/-

ചോദ്യം (14) :- മേൽ പറഞ്ഞ വർക്കിന് ഓർഡർ നൽകിയോ ? ഉണ്ടെങ്കിൽകോപ്പിവേണം ?

ഉത്തരം :- വർക്ക്ഓർഡർ നൽകുവാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.

ചോദ്യം (15) :- മേൽ പറഞ്ഞ വർക്കിന് എഗ്രിമെന്റ്ജിസിഡിഎയുമായിവച്ചിട്ടുണ്ടോഉണ്ടെങ്കിൽഅതിന്റെകോപ്പിവേണം ? ജിസിഡിഎയ്ക്ക്വേണ്ടികരാറിൽഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗികസ്ഥാനവുംവേണം ?

ഉത്തരം :- ഇല്ല.

ചോദ്യം (16) :- ടെണ്ടർ ഇവാല്യുവേഷൻ നടത്തിയത്ആരാണ് കൺസൾട്ടൻസി ഫീസ് എത്ര മിനിറ്റ്സിന്റെകോപ്പിവേണം, ജി.ഒയുംവേണം?

ഉത്തരം :- ടെണ്ടർ ഇവാല്യുവേഷൻ നടത്തിയത്മെ.കിറ്റ്കോ കൺസൾട്ടൻസി ഫീസ് - 2,50,000/-, മിനിറ്റ്സ്കോപ്പി, ജി.ഒലഭ്യമല്ല.

ചോദ്യം (17) :- ഫയൽ നമ്പർ ഇ2/4526/2016 ജിസിഡിഎ എന്ന ഫയലിന്റെകോപ്പിവേണം ? ഏതു ഫണ്ടിൽ നിന്നാണ്ചിലവുചെയ്യുന്നത് ?

ഉത്തരം :- ഇ2/4526/2016/ജിസിഡിഎ എന്ന ഫയലിന് 565 കറന്റ്ഷീറ്റും, 26 നോട്ട്ഷീറ്റുംഉണ്ട്. ഫീസ്അടയ്ക്കുന്ന മുറയ്ക്ക് പകർപ്പ് നൽകുന്നതാണ്. ഫിഫയ്ക്കുവേണ്ടി അനുവദിച്ച കേന്ദ്ര ഗവൺമെന്റിന്റെയും, കേരളഗവൺമെന്റിന്റെയും ഫണ്ടിൽ നിന്ന്.

ചോദ്യം (18) :- സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വർക്ക്ചെയ്യേണ്ടത് എഗ്രിമെന്റ് പ്രകാരംകെ.എസി.എആണോ ? ജിസിഡിഎആണോ ?

ഉത്തരം :- നിലവിലുള്ളM.O.Uപ്രകാരം (30/08/14) ജിസിഡിഎ.

ചോദ്യം (19) :- കലൂർകടവന്ത്ര റോഡിന്റെഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വർക്കിന്റെഎസ്റ്റിമേറ്റ്തുക എത്ര ?എത്ര ശതമാനം വർക്ക് പൂർത്തീകരിച്ചു ?

ഉത്തരം :- എസ്റ്റിമേറ്റ്തുക 322 ലക്ഷം , 40% പ്രവൃത്തി പൂർത്തീകരിച്ചു.

ചോദ്യം (20) :- കലൂർകടവന്ത്ര റോഡിന്റെവർക്കിനുവേണ്ടി ഭരണാനുമതിയുംസാങ്കേതിക അനുമതിയും നൽകിയോ ?അതിന്റെകോപ്പികൾവേണം ?

ഉത്തരം :- ഇല്ല.

ചോദ്യം (21) :- മേൽപറഞ്ഞ വർക്കിന് ബില്ല് അഡ്വാൻസായി എത്ര രൂപ കോൺട്രാക്ടർക്ക്കൊടുത്തിട്ടുണ്ട്?

ഉത്തരം :- അഡ്വാൻസ് തുക 29 ലക്ഷം.

ചോദ്യം (22) :- എ.എസ്സുംറ്റി.എസ്സുംലഭിക്കാത്ത വർക്കിന് അഡ്വാൻസ് ബിൽ പ്രകാരമുള്ളതുകനിയമ പ്രകാരം അനുവദിക്കാൻ ആകുമോഅതിന്റെ മാനദണ്ഡംവ്യക്തമാക്കുക.

ഉത്തരം :- എ.എസ്സ് പ്രതീക്ഷിച്ചിട്ട് പ്രവൃത്തിആരംഭിക്കുകയുംകോൺട്രാക്ടർക്ക് നടത്തിയപ്രവൃത്തി-യുടെതുകയുടെകുറഞ്ഞ തുക അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്.

ചോദ്യം (23) :-മേൽ പറഞ്ഞ പൂർത്തീകരിക്കേണ്ട കാലാവധി ? കാലാവധി നീട്ടി നൽകിയിട്ടുണ്ടോ ? നീട്ടി നൽകുവാനുള്ളകാരണവും, മാനദണ്ഡവുംവ്യക്തമാക്കുക ?

ഉത്തരം :- കാലാവധി നീട്ടി നൽകിയിട്ടുണ്ട്. അതികഠിനമായമഴയും മെട്രോ പ്രവൃത്തികൾമൂലവും ഗതാഗതംടിറോഡിൽ വർദ്ധിച്ചതിനാലും നിശ്ചിതസമയ പരിധിക്കുള്ളിൽടി പ്രവൃത്തി പൂർത്തീകരിക്കാനായില്ല. ആയതിനാൽ പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരംകാലാവധി നീട്ടി നൽകി.

ചോദ്യം (24) :-മേൽ പറഞ്ഞ വർക്കിന് ഓർഡർ നൽകിയോ ? ഉണ്ടെങ്കിൽകോപ്പിവേണം ?

ഉത്തരം :- നൽകിയിട്ടുണ്ട്. പകർപ്പ്ലഭ്യമാണ്.

ചോദ്യം (25) :- മേൽ പറഞ്ഞ വർക്ക് എഗ്രിമെന്റ്ജിസിഡിഎയുമായിവച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽകോപ്പി വേണം ?ജി.സി.ഡി.എയ്ക്കുവേണ്ടിഎഗ്രിമെന്റിൽഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗികസ്ഥാനവുംവേണം.

ഉത്തരം :- ഉണ്ട്. ശ്രീമതി.ജെബിജോൺ, സൂപ്രണ്ടിംഗ്എഞ്ചിനീയർ, എഗ്രിമെന്റ് 56 പേജ്ഉണ്ട്. ഫീസ്അടയ്ക്കുന്ന മുറയ്ക്ക് പകർപ്പ് നൽകുന്നതാണ്.

ചോദ്യം (26) :- എ.എസ്സുംറ്റി.എസ്സുംലഭിച്ചിട്ടില്ലെങ്കിൽഏതു മാനദണ്ഡ പ്രകാരമാണ്വർക്ക്ആരംഭിച്ചത്?

ഉത്തരം :- വർക്ക്ഓർഡർലഭിച്ചതിനുശേഷമാണ്വർക്ക്ആരംഭിച്ചത്.

ചോദ്യം (27) :- എ.എസ്സുംറ്റി.എസ്സുംലഭിക്കാത്തതിന് കരാറുകാരൻ ഉത്തരവാദിയാണോ ? എ.എസ് എന്നുലഭിക്കും?

ഉത്തരം :- അല്ല. ഗവൺമെന്റിന്റെ പരിഗണനയിലായതിനാൽഎ.എസ്എന്ന്ലഭിക്കുമെന്ന് പറയാനാവില്ല.

ചോദ്യം (28) :- മേൽറോഡ്വർക്കിന് എസ്റ്റിമേറ്റ്തയ്യാറാക്കിയഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗിക സ്ഥാനം, വിദ്യാഭ്യാസയോഗ്യതഎന്നിവവേണം ?

ഉത്തരം :- ജയശ്രീ.കെ.എസ്, അസി.എഞ്ചിനീയർ, ഡിപ്ലോമ ഇൻ സിവിൽഎഞ്ചിനീയറിംഗ്, എസ്.ഹേമ, അസി.എക്സി.എഞ്ചിനീയർ, ഡിപ്ലോമ ഇൻ സിവിൽഎഞ്ചിനീയറിംഗ്.

ചോദ്യം (29) :- ഫയൽ നമ്പർ ഇ1/796/2016 എന്ന ഫയലിന്റെകോപ്പിവേണം ?

ഉത്തരം :- ഇ1/796/2016 എന്ന ഫയലിന് 76 നോട്ട്ഷീറ്റും, 335 കറന്റ്ഷീറ്റുംഉണ്ട്.. ഫീസ്അടയ്ക്കുന്ന മുറയ്ക്ക് പകർപ്പ് നൽകുന്നതാണ്.

ചോദ്യം (30) :- മേൽ പറഞ്ഞ റോഡ്വർക്കിന് മേൽ നോട്ടംവഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗികസ്ഥാനം എന്നിവവേണം ?

ഉത്തരം :- ജയശ്രീ.കെ.എസ്, അസി.എഞ്ചിനീയർ, ഡിപ്ലോമ ഇൻ സിവിൽഎഞ്ചിനീയറിംഗ്, എസ്.ഹേമ, അസി.എക്സി.എഞ്ചിനീയർ, ഡിപ്ലോമ ഇൻ സിവിൽഎഞ്ചിനീയറിംഗ്, ബാബുൽ.സി.പണിക്കർ, ഓവർസിയർ.

അപ്പീൽഅധികാരിയുടെമേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ്അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി– 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

cv